This question paper consists of 30 questions and 7 printed pages.

Roll No. | | | | | | | | | | | | Code No. 53/S/O/MM

റോൾ നമ്പർ — കോഡ് നമ്പർ

Set - A

# MALAYALAM

## മലയാളം

## (232)

**Day and Date of Examination**

**(പരീക്ഷാ ദിവസവും തീയതിയും)** ____________________

**Signature of Invigilators** 1. ____________________

**(ഇൻവിജിലേറ്ററിന്റെ ഒപ്പ്)**

2. ____________________

**പൊതുവായ നിർദ്ദേശങ്ങൾ :**

1 പരീക്ഷാർത്ഥികൾ അവരുടെ റോൾ നമ്പർ ചോദ്യപേപ്പറിന്റെ ആദ്യ പേജിൽ എഴുതേണ്ടതാണ്.

2 ആദ്യപേജിൽ പ്രിൻറുചെയ്തിരിക്കുന്ന വിവരങ്ങൾക്കനുസൃതമായി പേജുകളും ചോദ്യങ്ങളും ചോദ്യപേപ്പറിൽ അടങ്ങിയിട്ടുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്. കൂടാതെ ചോദ്യങ്ങൾ ക്രമമായി പ്രിൻറുചെയ്തിട്ടുണ്ടോ എന്നും ഉറപ്പുവരുത്തേണ്ടതാണ്.

3 ഒറ്റവാക്കിൽ ഉത്തരമെഴുതേണ്ട ചോദ്യങ്ങൾക്ക് **(A), (B), (C), (D)** എന്ന ക്രമത്തിൽ കൊടുത്തിട്ടുള്ള ഉത്തരങ്ങളിൽ നിന്നും ശരിയായ ഉത്തരം തെരഞ്ഞെടുത്ത് ഉത്തര പുസ്തകത്തിൽ എഴുതേണ്ടതാണ്.

4 ഒറ്റവാക്കിൽ ഉത്തരമെഴുതേണ്ടത് ഉൾപ്പെടെ എല്ലാ ചോദ്യങ്ങളുടേയും ഉത്തരം അനുവദിച്ചിരിക്കുന്ന സമയത്തിനുള്ളിൽ തന്നെ എഴുതേണ്ടതാണ്.

5 ഉത്തരപുസ്തകത്തിൽ ഏതെങ്കിലും അടയാളങ്ങൾ ഇടുകയോ, നിശ്ചയിച്ചിരിക്കുന്ന സ്ഥാനത്തൊഴികെ ഉത്തരപുസ്തകത്തിന്റെ ഏതെങ്കിലും ഭാഗത്ത് റോൾ നമ്പർ എഴുതുകയോ ചെയ്യുന്നത് പരീക്ഷാർത്ഥികളുടെ അയോഗ്യതയായി പരിഗണിക്കുന്നതാണ്.

6 ഉത്തരപുസ്തകത്തിന്റെ പുറത്ത് ചോദ്യപേപ്പറിന്റെ കോഡ് നമ്പർ **53/S/O/MM-A** എഴുതേണ്ടതാണ്.

# MALAYALAM

**മലയാളം**

**(232)**

സമയം : **3** മണിക്കൂർ | മാർക്ക് : **100**

**കുറിപ്പ് :** (1) എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതണം.

(2) ഒന്നു മുതൽ പതിനൊന്നുവരെ ചോദ്യങ്ങൾക്ക് A, B, C, D എന്ന ക്രമത്തിൽ കൊടുത്തിട്ടുള്ള ഉത്തങ്ങളിൽ നിന്നു് ശരിയായത് തിരഞ്ഞെടുത്ത് എഴുതിയാൽ മതിയാകും.

**1** അല്ലൽപ്പെടുന്ന കുചേല കുടുംബിനിയായി വള്ളത്തോൾ വിശേഷിപിച്ചിരിക്കുന്നതു് ആരെ? **11×1=11**

(A) സ്വന്തം അമ്മയെ

(B) മാതൃഭാഷയെ

(C) അന്യഭാഷകളെ

(D) കുചേല പത്നിയെ

**2** വി. ടി. ഭട്ടതിരിപ്പാട് അച്ഛനുമായി 'പുലിയങ്കം' നടത്തേണ്ടി വന്നതു് എന്തിന്റെ പേരിലായിരുന്നു?

(A) ഏത്തം മുട്ടലിന്റെ എണ്ണം കബളിപ്പിക്കുന്നതിന്റെ

(B) അമ്മയുടെ അമിത ലാളനയുടെ

(C) കടമ്പിൻ പൂക്കൾ പറിച്ച് ആദിത്യനെ ആരാധിക്കുന്നതിന്റെ

(D) പൂച്ചകുട്ടിയുമായുള്ള ചങ്ങാത്തത്തിന്റെ

**3** ഓണത്തിനു് സമ്മാനം പ്രതീക്ഷിച്ചിരുന്നതു് ആരിൽ നിന്നാണു്?

(A) അമ്മാവനിൽ നിന്ന്

(B) അച്ഛനിൽ നിന്ന്

(C) മാവേലിയിൽ നിന്ന്

(D) നങ്ങേലിപെണ്ണിന്റെ അങ്ങേരിൽ നിന്ന്

4 കച്ചട്ടി സ്വാമിയുടെ കാര്യത്തിൽ മജിഡ്രേട്ടിന് വിഷമം തോന്നിചതു് എന്തുകൊണ്ട്?

(A) നാട്ടുകാരുടെ അധപ്പതനം കണ്ട്

(B) നീതി നടപ്പിലാവുന്നില്ല എന്ന കണ്ട്

(C) നഷ്ടം പറ്റിയ ഒരാളെ എല്ലാവരും പരിഹസിക്കുന്നതു കണ്ട്

(D) പരബ്രഹ്മയ്യരുടെ പരാതി കേട്ട്

5 നന്ദസുതൻ നിന്ദിച്ചുവോ എന്ന് ഗോപികമാർ ചോദിക്കുന്നതു് ആരോട്?

(A) കോകിലത്തോട്

(B) അത്തിയോട്

(C) കുമ്പിട്ടു നിൽകുന്ന കുന്ദത്തോട്

(D) ഏണങ്ങളോട്

6 മൈഥിലി മയിൽപ്പേടപോലെ സന്തോഷിച്ചതു് എപ്പോൾ?

(A) ഇടിപെട്ടുന്ന ഒച്ച കേട്ടപ്പോൾ

(B) ശ്രീരാമചന്ദ്രനെ കണ്ടപ്പോൾ

(C) മയിലുകളെ കണ്ടപ്പോൾ

(D) വില്ലു മുറിഞ്ഞ ഒച്ച കേട്ടപ്പോൾ

7 നമ്മൾ നന്നാകുവാനെന്തു നല്ലു

നല്ലോരു ചൂല് മനസ്സിൽ നല്ലു - ആശയം എന്തു്?

(A) നമ്മൾ ശുചിത്വം പാലിക്കണം

(B) മനസ്സ് മാലിന്യമുക്തമാവാൻ ശ്രദ്ധിക്കണം

(C) നമ്മൾ നന്നാവുകയില്ല

(D) മനസ്സ് ചൂലുപോലെയാണു്

8 കുടുംബജീവിതത്തെ കെടുത്തുന്ന ഘടകം ഏതു്

(A) കോപം (B) പരാതി

(C) രോഗം (D) ധൂർത്ത്

9 ബാലിയിലെ മഴയും ബാലിപ്പെണ്ണിന്റെ മനസ്സും ഒരു പോലെയാണെന്നു പറയുന്നതിന്റെ പൊരുൾ എന്തു്?

(A) പ്രതീക്ഷിച്ചിരിക്കാതെ പെയ്യുന്ന മഴ, പെട്ടെന്നു് ഉത്സാഹഭരിതമാകുന്ന മനസ്സ്

(B) രണ്ടും എപ്പോഴും ഇരുൾ മൂടിയതായിരിക്കും

(C) ബാലിയിൽ മഴ പെയ്യാറില്ല

(D) ബാലിയിൽ എപ്പോഴും മഴയായിരിക്കും.

10 വാസവദത്തയെ കവി ആരോടാണു് ഉപമിച്ചിരിക്കുന്നതു്?

(A) മഞ്ജുളാംഗിയോട്

(B) കാമദേവന്റെ രാജ്ഞിയോട്

(C) മതിമോഹിനിയോട്

(D) കഞ്ജബാണനോട്

11 താഴെ കൊടുത്തിട്ടുള്ളവയിൽ കൂട്ടത്തിൽ പെടാത്തതു് ഏതു്?

(A) കഥ + ആണു് – കഥയാണു്

(B) എങ്ങനെ + ആണു് – എങ്ങനെയാണു്

(C) അത് + ഇൽ – അതിൽ

(D) വളരെ + ഏറെ – വളരെയേറെ

12 അർത്ഥമെഴുതി സ്വന്തം വാക്യത്തിൽ പ്രയോഗിക്കുക. **2+2=4**

(i) കേളീരംഗം

(ii) ശനിദശ

13 രാവണന്റെ മൂഢത്വം നമ്പ്യാർ വെളിപ്പെടുത്തുന്നത് എങ്ങനെ? 2

14 ഏകമതം എന്ന സങ്കല്പം രൂപപെടുന്നത് എങ്ങനെ? 2

15 കൂത്തു എന്നാൽ എന്തു്? വിവിധതരം കൂത്തുകൾ ഏവ? 2

16 നെയ്പ്പായസത്തിലെ നായകൻ കണ്ണീർ കുട്ടികളിൽ നിന്നു മറച്ചുവയ്ക്കാൻ ശ്രമിക്കുന്നത് എന്തുകോണ്ട്? 3

17 ഇന്ത്യയുടെ ഏകത്വം തിരിച്ചറിയാൻ കഴിയുന്നത് എപ്പോൾ? 3

18 കാവ്യരചനയെകുറിച്ചുള്ള സങ്കല്പം മനസ്വിനി എന്ന കവിതയിൽ ചങ്ങമ്പുഴ അവതരിപ്പിച്ചിരിക്കുന്നതു എങ്ങനെ? 3

19 ബാലിയിലെ ഉത്സവത്തിന്റെ എന്തെല്ലാം സവിശേഷതകളാണു് എസ്.കെ. പൊറ്റകാട്ട് അവതരിപ്പിച്ചിരിക്കുന്നതു്? 3

20 ചാർട്ടുകളുടെ പ്രത്യേകത വിവരിക്കുക. 3

21 ഗോപികമാരുടെ വിരഹദു:ഖം ചെറുശ്ശേരി വർണിച്ചിരിക്കുന്നത് എങ്ങനെ? 4

22 'കുടുംബജീവിതം' എന്ന ലേഖനത്തിൽ മാതാവിന്റെ മഹത്വം കെ.പി. കേശവമേനോൻ വിവരിച്ചിരിക്കുന്നത് എങ്ങനെ? 4

23 ‘പെങ്ങളെ’കുളിച്ചുള്ള ചിന്ത കവിയെ എങ്ങനെയെല്ലാമാണ് അസ്വസ്ഥനാകുന്നത്? 4

24 ആശയം വികസിപ്പിച്ച് ഒരു ഖണ്ഡിക എഴുതുക. 5

‘പരോപകാര പ്രവണം പ്രപഞ്ചം’

25 നിങ്ങളുടെ പ്രദേശത്തെ ഒരു ഉത്സവത്തെകുറിച്ചു വിവരിച്ചു കൊണ്ട് സുഹൃത്തിന് കത്തു തയാറാക്കുക. 5

26 ‘വളർത്തുമൃഗങ്ങളി’ലെ ജാനമ്മയെകുറിച്ച് കാഥാപാത്രനിരൂപണം എഴുതുക. 5

27 ‘മരത്തിനു സ്തുതി’ എന്ന കവിതയുടെ സമകാലിക പ്രസക്തി വിവരിക്കുക. 5

28 താഴെ കൊടുത്തിരിക്കുന്ന പദ്യത്തിന് പരാവർത്തനം തയാറാക്കുക 10

കവിതെ, പച്ചച്ചിറകുള്ള നീ മഴവില്ലിൻ
കഴുത്തുമായിട്ടോറ്റയ്കിവിടെപ്പറന്നെത്തി
കാഞ്ഞിരകോമ്പത്തത്രേ വന്നിരുന്നതു് കിളി
കാരുണ്യാമൃതഗംഗ ചോരുന്ന കണ്ഠത്തോടെ
അക്കഴുത്തിലെ നാനാവർണ്ണവും നറുനീരി-
ന്നൂൾക്കുളിരോലിയും ചേർന്നിന്നുമീ മലയാളം
മധുരിക്കുന്നു; പച്ചക്കിളി, നിൻ കോക്കാഴ്ത്തുന്ന
മലരും കനിയുമുൾത്തേനുമീ മലയാളം

29 ഗദ്യഭാഗം മൂന്നിലൊന്നായി സംഗ്രഹിക്കുക. 10

ആരോഗ്യത്തെപ്പറ്റി പല നിർവചനങ്ങളും നാം കേട്ടിട്ടുണ്ട്. രോഗമില്ലാത്ത അവസ്ഥയാണ് ആരോഗ്യം എന്നതാണ് ഏറ്റവുമധികം പ്രചാരത്തിലുള്ള അഭിപ്രായം. എന്നാൽ ഈ നിർവചനം ഒരു ഗൂഢാലോചനയുടെ സന്തതിയാണ്. ഔഷധനിർമാണക്കമ്പനികളും ആശുപത്രിക്കച്ചവടക്കാരും ചേർന്ന് തങ്ങളുടെ ബിസിനസ് ലാഭകരമാക്കാനാണ് ഇങ്ങനെ ഒരു നിർവചനം ലോകമെമ്പാടും തന്ത്രപൂർവ്വം പ്രചരപ്പിച്ചത്. വാസ്തവത്തിൽ മനുഷ്യൻ ശാരീരികമായും മാനസികമായും സാമൂഹികമായും സുഖമായിരിക്കുന്ന അവസ്ഥയാണ് ആരോഗ്യം. ഈ സുസ്ഥിതി കൈവരിക്കുന്നതിൽ ഔഷദങ്ങൾക്കും അശുപത്രികൾക്കുമുള്ള പങ്ക് എത്രയെ തുച്ഛമാണെന്ന് നാം തിരിച്ചറിയേണ്ടതുണ്ട്.

30 ഏതെങ്കിലും ഒരു വിഷയത്തെകുറിച്ച് ഉപന്യസിക്കുക. 12

(i) ശുചിത്വഭാരതം

(ii) എല്ലാവർകും വിദ്യാഭ്യാസം

(iii) സാമൂഹിക മാധ്യമങ്ങളും യുവജനങ്ങളും.

---